## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.503*

01.07.2019-ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. നൽകിവരുന്ന സേവനങ്ങൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, സജി ചെറിയാൻ<br>,, പി.ടി.എ. റഹീം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സാമ്പത്തിക ചൂഷണങ്ങൾക്കെതിരെ ബദൽ ധനകാര്യ സ്ഥാപനമായി ഇ.എം.എസ്. സർക്കാരിന്റെ കാലത്താരംഭിച്ച കെ.എസ്.എഫ്.ഇ. നൽകിവരുന്ന സേവനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ; | (എ) | ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാന ഗവണ്മെന്റ് അതിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച നോൺ - ബാങ്കിങ് ധനകാര്യ സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. 1967 ലെ ഇ.എം.എസ് സർക്കാർ ആണ് കെ.എസ്.എഫ്.ഇ യുടെ രൂപീകരണത്തിന് മുൻ കൈ എടുത്തത്. കേരളത്തിന്റെ പാരമ്പര്യ സാമ്പത്തിക വ്യവഹാരമായിരുന്ന ചിട്ടി പദ്ധതി വ്യക്തമായ നിയമങ്ങളുടെയും നിയന്ത്രണങ്ങളുടേയും അഭാവത്തിൽ സ്വകാര്യ ചൂഷകരുടെ വിളനിലമായി മാറിയിരുന്നു. നിരവധി സാധാരണക്കാർ ഈ ചൂഷകരുടെ പിടിയിൽ അമരുന്ന സാഹചര്യത്തിലാണ് അന്നത്തെ ധനമന്ത്രി ശ്രീ.പി.കെ.കുഞ്ഞ്, കെ.എസ്.എഫ്.ഇ യുടെ രൂപീകരണത്തിന് തുടക്കം കുറിച്ചത്. തുടർന്ന് തൃശ്ശൂർ ആസ്ഥാനമായി കെ.എസ്.എഫ്.ഇ, 1969 നവംബർ 6 ന് നിലവിൽ വന്നു .<br><br>ആദ്യം 10 ശാഖകളുമായി തുടങ്ങിയ സ്ഥാപനം ചിട്ടി എന്ന പദ്ധതിയെ പൂർണ്ണമായും നിയമവിധേയം ആക്കുകയും ചൂഷണവിമുക്തവും ജനോപകാരപ്രദവുമായ ഒന്നാക്കി മാറ്റുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു. 1975 ൽ സംസ്ഥാന ചിട്ടി നിയമം വന്നപ്പോൾ കെ.എസ്.എഫ്.ഇ തുടങ്ങുന്ന ചിട്ടികൾ പൂർണ്ണമായും അതിന്റെ കീഴിലാക്കുകയും ചിട്ടിയിൽ ചേരുന്ന മുഴുവൻ പേർക്കും അതിന്റെ പരിരക്ഷ നൽകുകയും ചെയ്തു. നേരത്തെ കേരള ചിട്ടി ഫണ്ട് ആക്ട് അനുസരിച്ചും 2012 മുതൽ ബഹു. സുപ്രീം കോടതിയുടെ വിധി പ്രകാരം രാജ്യത്ത് നടപ്പാക്കിയ ചിട്ട് ഫണ്ട് ആക്ട് 1982 അനുസരിച്ചും ആണ് കെ.എസ്.എഫ്.ഇ ചിട്ടി നടത്തുന്നത്. ഇങ്ങനെ പൂർണ്ണമായും നിയമപരമായി ചിട്ടി പദ്ധതി നടത്തുന്നതിനാൽ ഇതിൽ ചേരുന്ന ഇടപാടുകാർക്കെല്ലാം നിയമസുരക്ഷ കിട്ടുകയും ചൂഷണത്തിന്റെ പിടിയിൽ നിന്ന് അവർ രക്ഷപ്പെടുകയും ചെയ്യുന്നു. ഇപ്പോൾ പ്രവാസി മലയാളികൾക്കായി കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ആരംഭിച്ചതോടെ നിയമ പരിരക്ഷയുള്ള, ചൂഷണരഹിതമായ, പാരമ്പര്യാധിഷ്ഠിത സാമ്പത്തിക പദ്ധതിയുടെ ആനുകൂല്യം ചരിത്രത്തിൽ ആദ്യമായി അവർക്കു കൂടി ലഭിക്കുന്നു.<br><br>കമ്പനിയുടെ ഏറ്റവും വലിയ പ്രൊഡക്റ്റ് ആയ ചിട്ടിയ്ക്ക് പുറമേ സ്വർണ്ണപ്പണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, ഗൃഹോപകരണ-വാഹന വായ്പ, ചിട്ടിയിൽ നിന്നുള്ള വായ്പ തുടങ്ങിയ നിരവധി പദ്ധതികളും മിതമായ പലിശ നിരക്കിൽ ലളിതമായ ജാമ്യ വ്യവസ്ഥയോടെ കെ.എസ്.എഫ്.ഇ നൽകി വരുന്നുണ്ട്. ബ്ലേഡ് കമ്പനികൾ എന്നറിയപ്പെടുന്ന സ്വകാര്യ ചൂഷണ സാമ്പത്തിക തട്ടിപ്പുകാരിൽ നിന്ന് ജനസാമാന്യത്തെ മോചിപ്പിക്കാൻ ഒരു പരിധി വരെ ഇത്തരം വായ്പാ പദ്ധതികൾ സഹായിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.യുടെ സമ്പാദ്യ പദ്ധതികൾ ആകട്ടെ, താരതമ്യേന ഭേദപ്പെട്ട പലിശ നൽകി സാധാരണക്കാരുടെ സമ്പാദ്യത്തിന് സുരക്ഷിതത്വവും ആദായവും നൽകുന്നു. ഇപ്പോൾ കെ.എസ്.എഫ്.ഇ |

| | | | |
|---|---|---|---|
| | | | പ്രവാസി ചിട്ടിയും ആരംഭിച്ച് നടപ്പാക്കുന്നതിൽ നല്ല രീതിയിലുള്ള പ്രതികരണമാണ് ലഭിയ്ക്കുന്നത്. |
| (ബി) | കഴിഞ്ഞ അഞ്ച് പതിറ്റാണ്ടിലെ പ്രവർത്തന മികവുകൊണ്ടും വിശ്വാസ്യത കൊണ്ടും സംസ്ഥാന ധനകാര്യ മേഖല യിൽ ശക്തമായ സാന്നിദ്ധ്യം ഉറപ്പിച്ച കെ.എസ്.എഫ്.ഇ. സാമൂഹ്യ സുരക്ഷയ്ക്കായി ആവി ഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാ ക്കാമോ; ഇപ്പോൾ ഇത്തര ത്തിൽ ഏതെല്ലാം പദ്ധതികളാ ണ് നടപ്പിൽ വരുത്തുന്നതെന്നും അതിന്റെ പുരോഗതിയും വെളി പ്പെടുത്തുമോ; | (ബി) | ഇ.എം.എസ് മന്ത്രി സഭയുടെ കീഴിൽ ശ്രീ. പി.കെ. കുഞ്ഞ് ധനമന്ത്രിയായിരിക്കേ തൃശ്ശൂർ ആസ്ഥാനമായി 1969 നവംബർ 6 ന് നിലവിൽ വന്ന ഗവൺമെന്റിന്റെ പൂർണ്ണ ഉടമസ്ഥത യിലുള്ള കെ.എസ്.എഫ്.ഇ എന്ന ധനകാര്യ സ്ഥാപനം മലയാളികളുടെ തനതു സാമ്പത്തിക ഉൽപന്നമായ ചിട്ടി എന്ന പദ്ധതിയ്ക്ക് വ്യക്തമായ നിയന്ത്രണങ്ങളിലൂടെ, ഈ മേഖലയിലെ ചൂഷണങ്ങളിൽ നിന്ന് നിക്ഷേപകരെ സംരക്ഷിച്ചു കൊണ്ട് സംസ്ഥാനത്തിന്റെ ധനകാര്യ രംഗത്ത് ശക്തമായ സാന്നിധ്യമായി നിലനിൽക്കുന്നു. 10 ശാഖകളും 2 ലക്ഷം രൂപ മൂലധനവുമായി ആരംഭിച്ച ഈ സ്ഥാപനം ഇന്നു 578 ശാഖകളും 7000 ത്തോളം ജീവനക്കാരും 39000 കോടി രൂപ വാർഷിക വിറ്റുവരവുമുള്ള സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ സാമ്പത്തിക സ്ഥാപനമായി, തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ട് സംസ്ഥാനത്തിലെ പൊതു സമൂഹത്തിന് മികച്ച സാമ്പത്തിക സേവനം നൽകി കൊണ്ട് മുന്നേറിക്കൊണ്ടിരിക്കുന്നു. ചിട്ടി എന്ന കമ്പനിയുടെ മുഖ്യ പദ്ധതി തന്നെ ബൃഹത്തായ സാമൂഹ്യ ലക്ഷ്യം വെച്ചു കൊണ്ടുള്ള സമ്പാദ്യ പദ്ധതിയാണ്. സമൂഹത്തിലെ എല്ലാ തരം ജനങ്ങൾക്കും അവരവർക്ക് മിച്ചം വെയ്ക്കുവാൻ കഴിയുന്ന തുക ചിട്ടിയിൽ നിക്ഷേപിച്ച് വിവിധങ്ങളായ സാമ്പത്തിക ആവശ്യങ്ങൾക്ക് ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്. ഇപ്പോൾ കമ്പനി പ്രവാസി ചിട്ടി എന്ന ഒരു പുതിയ കാൽ വെപ്പ് നടത്തി കൊണ്ട് പ്രവാസി മലയാളികൾക്കായി ചിട്ടി അവതരിപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിയ്ക്ക് ആഗോള മലയാളികൾക്കിടയിൽ നിന്ന് മികവുറ്റ പിന്തുണയാണ് ലഭിയ്ക്കുന്നത്. ഇതു വഴി ലഭിയ്ക്കുന്ന ധന സമാഹരണത്തിലൂടെ വിദേശ മലയാളികൾ |

| | | | |
|---|---|---|---|
| | | | ആഗ്രഹിക്കുന്ന രീതിയിൽ തന്നെ സംസ്ഥാന അടിസ്ഥാന വികസന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയും. കെ.എസ്.എഫ്.ഇ. യുടെ മറ്റു പദ്ധതികൾ സ്വർണ്ണ പണയ വായ്പ, വ്യക്തിഗത, ഗൃഹോപകരണ, ഭവന നിർമ്മാണ വായ്പ എന്നിവയാണ്. സ്വർണ്ണ പണയ വായ്പ രംഗത്ത് സ്ഥാപനം വലിയ കുതിപ്പ് നടത്തിയിട്ടുണ്ട്. ഉദ്ദേശം 3000 കോടി രൂപയുടെ ബിസിനസ്സ് തന്നാണ്ട് നടത്തുവാനാണ് ലക്ഷ്യമിടുന്നത്. 9.50 മുതൽ 10.50 % വരെയാണ് വാർഷിക പലിശ. പണമിടപാടു സ്ഥാപനങ്ങളുടെ വൻ പലിശ ചൂഷണങ്ങളിൽ നിന്ന് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകുക എന്നതാണ് സ്ഥാപനം ലക്ഷ്യമിടുന്നത്. ഇത് കൂടാതെ സ്ഥിര നിക്ഷേപങ്ങളും സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ഈ നിക്ഷേപങ്ങൾക്ക് 1% നിരക്കിൽ ഗ്യാരണ്ടി കമ്മീഷനും സർക്കാരിലേയ്ക്ക് നൽകുന്നുണ്ട്. കഴിഞ്ഞ പ്രളയകാലത്തും കമ്പനി സി.എസ്.ആർ പദ്ധതികളിലൂടെ സമൂഹ നന്മയ്ക്ക് ഉതകുന്ന രീതിയിൽ വിവിധ ധനസഹായങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | കുടുംബശ്രീ യൂണിറ്റുകളിലെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സാമൂഹ്യ സുരക്ഷ ഒരുക്കുന്നതിനു മായി കുടുംബശ്രീ ചിട്ടികൾ ആരംഭിക്കുന്നതിന് ആലോചി ക്കുന്നുണ്ടോ? | (സി) | കുടുംബശ്രീ ചിട്ടികൾ തുടങ്ങുന്ന കാര്യം സജീവ പരിഗണനയിൽ ഉണ്ട് . ഇതു സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ